കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം. 37260/ജി1/15/പൊവിവ.

തിരുവനന്തപുരം
തീയതി, 01/09/2015

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - മാതാപിതാക്കൾ തമ്മിൽ തർക്കം നിലനിൽക്കുന്ന കേസുകളിൽ കുട്ടികൾക്ക് റ്റി,സി അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ -സംബന്ധിച്ച്

സൂചന: കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 02/06/2015 ലെ സി.ആർ.എം.പി. നം.1622/11/എൽ.എ.2/2015 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ .

ഭാര്യാ ഭർത്താക്കന്മാർ തമ്മിൽ ദാമ്പത്യ പ്രശ്നങ്ങൾ നിലനിൽക്കുന്ന കേസുകളിൽ സ്കൂൾ അധികൃതർ മാതാവിന്റെ/പിതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റ്റി.സി നല്കുന്നില്ല എന്ന നിരവധി പരാതികൾ സർക്കാരിന്റെ വിവിധ തലങ്ങളിലും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുമ്പാകെയും സമർപ്പിക്കപ്പെട്ടു വരുന്നു. സ്കൂൾ അധികൃതർ അപ്രകാരം റ്റി.സി നല്കാതിരിക്കുന്നത് ഏതെങ്കിലും ഒരു രക്ഷിതാവിന്റെ എതിർപ്പിനെ തുടർന്നാണ്. മാതാപിതാക്കൾ തമ്മിലുള്ള ദാമ്പത്യ തർക്കങ്ങൾ കാരണം കുട്ടികൾ അനുഭവിക്കുന്ന മാനസിക സംഘർഷത്തിനോടൊപ്പം അവരുടെ വിദ്യാഭ്യാസവും തടസപ്പെടുന്ന സാഹചര്യം ഒരുതരത്തിലും അനുവദിക്കുവാൻ പറ്റില്ല. ഇത്തരം സാഹചര്യങ്ങളിൽ റ്റി.സി നൽകുന്നതിന് താഴെപറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. റ്റി.സി നല്കുന്നത് വിലക്കിക്കൊണ്ടുള്ള കോടതി വിധികളൊന്നും നിലവിലില്ലെങ്കിൽ ഏതൊരു രക്ഷിതാവിന്റെ കരുതലിലും സംരക്ഷണയിലുമാണോ കുട്ടി കഴിയുന്നത് ആ രക്ഷിതാവിന്റെ അപേക്ഷയിൽ കുട്ടിയ്ക്ക് റ്റി.സി അനുവദിയ്ക്കേണ്ടതാണ്.
2. മാതാവ്/പിതാവ് ഉപേക്ഷിച്ചു പോയ കേസുകളിലും വിവാഹമോചനം ചെയ്യപ്പെട്ട കേസുകളിലും കുട്ടി യഥാർത്ഥത്തിൽ ആരുടെ കൂടെയാണോ ജീവിക്കുന്നത് ആ രക്ഷിതാവിന്റെ അപേക്ഷയിൽ കുട്ടിയ്ക്ക് റ്റി.സി അനുവദിയ്ക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ആർ. കുമാർ
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ (ആമുഖ കത്ത് സഹിതം)
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖാന്തിരം ആവശ്യമായ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതിന്)
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
വിവരപൊതുജനസമ്പർക്ക വകുപ്പ് (വ്യാപക പ്രചരണത്തിന്)
ഡയറക്ടർ, ഐ.റ്റി@സ്കൂൾ, തിരുവനന്തപുരം. (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreedevi